14654
22/8/19

# കേരള സർക്കാർ

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 - കണ്ണൂർ ജില്ല – ഉജ്ജീവന വായ്പ പദ്ധതി - ജില്ലയിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിന്മേലുള്ള മാർജിൻ മണി/താങ്ങ് പലിശ ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

**സ. ഉ. (ആർ.ടി) നം. 2334/2019/റവ.   തിരുവനന്തപുരം, തീയതി: 22.08.2019**

---

പരാമർശം: 1. സ.ഉ. (കൈ) നം. 27/2018/ഡി.എം.ഡി. തീയതി : 17.12.2018.
2. സ.ഉ. (കൈ) നം. 4/2019/ഡി.എം.ഡി. തീയതി : 22.02.2019
3. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്.

## ഉത്തരവ്

2018 ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/ അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻമണി/താങ്ങ്പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതിയിൽ' വിഭാവനം ചെയ്തിട്ടുണ്ട്.

2. അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ 10 സംരംഭകർക്ക് കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻമണി/താങ്ങ്പലിശ, വായ്പ വിതരണം ചെയ്ത ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്ന് കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ബാങ്ക് ആവശ്യപ്പെട്ട മാർജിൻ മണി/താങ്ങ് പലിശ ഒരു ലക്ഷം രൂപ ആണെങ്കിലും പരാമർശം (2) ഭേദഗതി ഉത്തരവ് പ്രകാരം അപേക്ഷകർക്ക് 1,25,000/- രൂപ വീതം ലഭിക്കുവാൻ അർഹതയുണ്ട്. 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരം ജില്ലയിലെ താഴെപ്പറയുന്ന 10 കർഷകർക്ക്/സംരംഭകർക്ക് അനുവദിച്ച വായ്പയിന്മേലുള്ള മാർജിൻമണി/താങ്ങ്പലിശയായ **12,50,000/-രൂപ (പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ബന്ധപ്പെട്ട ബാങ്കിന് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | കർഷകന്റ/സംരംഭകന്റെ സ്ഥാപനത്തിന്റെ പേര്/വിഭാഗം | ബന്ധപ്പെട്ടവകുപ്പിന്റെ ശുപാർശ സംബന്ധിച്ച വിവരങ്ങൾ | 'ടേംലോൺ' /പ്രവർത്തന മൂലധനം അനുവദിച്ച ബാങ്ക് /ബ്രാഞ്ച് | ടേംലോൺ'/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന മാർജിൻ മണി/ താങ്ങു പലിശ (രൂപയിൽ) | മാർജിൻ മണി/ താങ്ങു പലിശ ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക്/ബ്രാഞ്ച്/ IFSC code/അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | Muhammed Razi.M.P | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekandapuram Evening Branch | 500000 | 125000 | UTIB0SKDC01 1037707000159 |
| 2 | Muhammed Nazar.C.P | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekandapuram Evening Branch | 500000 | 125000 | UTIB0SKDC01 1037005006793 |
| 3 | Radhakrishnan.KG | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekandapuram Evening Branch | 500000 | 125000 | UTIB0SKDC01 1037707000155 |
| 4 | Jamal.A.K | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekandapuram Evening Branch | 500000 | 125000 | UTIB0SKDC01 1037707000156 |

| | | | | | | |
|---|---|---|---|---|---|---|
| 5 | Ebrahim.K.P | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekanda puram Evening Branch | 500000 | 125000 | UTIB0SKDC01 1037005000354 |
| 6 | Irshad.V.P | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekanda puram Evening Branch | 500000 | 125000 | UTIB0SKDC01 1037005006806 |
| 7 | Abdul Basheer.B.P | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekanda puram Evening Branch | 500000 | 125000 | UTIB0SKDC01 1037005004002 |
| 8 | Shamseer.K.P | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekanda puram Evening Branch | 500000 | 125000 | UTIB0SKDC01 1037005006801 |
| 9 | Sajir.C.M | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | The Kannur District Co-operative Bank Sreekanda puram Evening Branch | 500000 | 125000 | UTIB0SKDC01 1037707000163 |
| 10 | Abdul Salem | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് ജനറൽ | The Kannur District Co-operative | 500000 | 125000 | UTIB0SKDC01 1037005006803 |

| | | | | | | |
|---|---|---|---|---|---|---|
| | | മാനേജരുടെ 21.06.2019 ലെ L & A (Indl)/2019-20 കത്ത്. | Bank Sreekanda puram Evening Branch | | | |
| | **Total** | | | | 12,50,000/- | |

4. മേൽ പറഞ്ഞ പ്രകാരം മാർജിൻമണി/താങ്ങ്പലിശ ഇനത്തിൽ വിതരണത്തിനാവശ്യമായി വരുന്ന **12,50,000/- രൂപ (പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P 80 അക്കൗണ്ട് മുഖാന്തിരം ജില്ലാ കളക്ടർക്ക് നൽകുന്നതാണ്.

5. ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻമണി/താങ്ങ്പലിശ ഇനത്തിൽ ഖണ്ഡിക 3- ലെ പട്ടികയിലെ 6-ാം കോളത്തിൽ പറയുന്ന തുക. 7-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ജില്ലാ കളക്ടർ പരിശോധിച്ച് ശരിയെന്ന് ഉറപ്പുവരുത്തേണ്ടതും ശേഷം തുക ക്രെഡിറ്റ് ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

എൽ. ഗീത

സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
കൺവീനർ, സംസ്ഥാന തല ബാങ്കേഴ്സ് സമിതി, കാനറാ ബാങ്ക് ബിൽഡിംഗ്, തിരുവനന്തപുരം
കൺവീനർ, ജില്ലാതല ബാങ്കേഴ്സ് സമിതി, കണ്ണൂർ ജില്ല
ജനറൽ മാനേജർ, കണ്ണൂർജില്ല സഹകരണ ബാങ്ക്, ശ്രീകണ്ഠപുരം ഈവനിംഗ് ബ്രാഞ്ച്.
സെക്രട്ടറി, കണ്ണൂർജില്ല സഹകരണ ബാങ്ക്, കണ്ണൂർ - 670001
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

T. [signature]

സെക്ഷൻ ഓഫീസർ